# GCS GHSS ELAMBACHI

## ഡിജിറ്റൽ മാഗസിൻ 2023-24

# നാമ്പ്






## മാഗസിൻ കമ്മിറ്റി

അബ്ദുൾ ജബ്ബാർ വി കെ പി
ദീപ എം വി
ദീപ കെ വി
സിറാജുദ്ദീൻ പി കെ
ജയേഷ് കെ
വിഷ്ണു സുമൻ എൻ വി
നിവേദിത് എം വി
അദ്വൈത് ടി വി
നന്ദേവ് റാം
സാന്ദ്ര മനോജ്
രൂപക് ടി പി

## എഡിറ്റോറിയൽ ഗ്രൂപ്പ്

വിഷ്ണു സുമൻ
നിവേദിത് എം വി
അദ്വൈത് ടി വി
ദീപ എം വി
ദീപ കെ വി



# ഉള്ളടകം

എന്റെ സ്വന്തം കൂട്ടുകാരി..............................................................6

ഒറ്റപ്പെടൽ...........................................................................7
വിശ്വമനോഹരിയായ പ്രകൃതി......................................................8
പുതുതലമുറയുടെ ഒരു കടന്നു പോക്ക്..............................................9
വാശിക്ക നാശം.......................................................................10
കയ് പുള്ള പാൽപ്പായസം..........................................................11
ശാസ്ത്രവും മനുഷ്യനും..............................................................12
യഥാർത്ഥ കള്ളൻ....................................................................13
ശിഷ്യമാർ.............................................................................14
വാർദ്ധക്യം............................................................................15
മികവ്..................................................................................16
ഡെന്റൽ ക്യാമ്പ്.......................................................................16
കൗമാരം- കരുത്തും കരുതലുംബോധവൽക്കരണക്ലാസ്......................16
നന്ദി....................................................................................20



# സന്ദേശം

ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ചിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധികരിക്കുന്നു എന്നതിൽ സന്തോഷം.മാഗസിന് എല്ലാ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ
വി കെ പി അബ്ദുൾ ജബ്ബാർ
ജി സി എസ് ജി എച്ച് എസ് ഇളമ്പച്ചി



# ജി സി എസ് ജി എച്ച് എസ് എസ് ഇളമ്പച്ചി

ജന്മിത്വത്തിന്റെയും കോളനീകരണത്തിന്റെയും നാളുകൾക്ക് ശേഷം തൃക്കരിപ്പൂരിന്റെ തെക്കൻ ഭാഗങ്ങളിൽ അറിവിന്റെ പൂവ് വിടർന്നു . ടിപ്പുവിന്റെ പടയോട്ടങ്ങളും പരശുരാമന്റെ കേരള പര്യടന കഥകളും കേട്ടു പുളകം കൊണ്ട തൃക്കരിപ്പൂർ അറിവിന്റെ വെളിച്ചത്തിലേക്ക് നടന്നു നീങ്ങുന്നത് 20 കൾക്ക് ശേഷമാണ്  നാളുകളിൽ തന്നെ തെക്കേ തൃക്കരിപ്പൂരിൽ വിദ്യാഭ്യാസത്തിന്റെ സ്ഫുരണങ്ങൾ കണ്ടു തുടങ്ങിയിരുന്നു  താഴേക്കാട്ടു മനയിൽ നിന്നാണ് ഇത് ഉദയം കൊള്ളുന്നത്  തൊട്ടോൻ എഴുത്തച്ച്ചൻ ഒളവറയിലും തളിച്ചാലതും എഴുത്തു കൂട്ടങ്ങൾ സ്ഥാപിച്ചു കുട്ടനച്ച്ച്ചൻ  മേലോത് അച്ചൻ എന്നിവര് സഹായത്തിനെത്തി തലിച്ചാലത്തെ എഴുത്തുക്കൂട്ടം 1954 ൽ  ബോർഡിന്റെ കീഴിൽ ലോവർ പ്രൈമറി സ്കൂളായി മാറി  1984 ൽ ഹൈസ്കൂളായും 2004 ൽ ഹയർ സെക്കന്ററി ആയും മാറി



സംസ്ഥാനം

കേരളം

റവന്യൂ ജില്ല

കാസർഗോഡ്

വിദ്യാഭ്യാസ ജില്ല

കാഞ്ഞങ്ങാട്

ഉപജില്ല

ചെറുവത്തൂർ

# എന്റെ സ്വന്തം കൂട്ടുകാരി

എല്ലാ ദിവസവും വരുന്നതു പോലെ ജയേഷ് മാഷ് ക്ലാസിലെക്ക കടന്നു വന്നു. മാഷിനെ കണ്ടപാടെ നീതുമോൾ പോട്ടിക്കരഞ്ഞു. കുട്ടികളെല്ലാവരും നീതുവിനെ തിരിഞ്ഞു നോക്കി.ജയേഷ് മാഷിന്റെ കണ്ണിൽ മാത്രം നീതു പെട്ടില്ല. കുട്ടികളെല്ലാം ചോദിച്ചു. "എന്തിനാ നീ കരയുന്നത്."അവളൊന്നും മിണ്ടാതെ തന്റെ കരച്ചിൽ അടക്കാൻശ്രമിച്ചു. ജയേഷ് മാഷ് ഹാജറെടുക്കാൻ തുടങ്ങി. നീതുവിന്റെ റോൾനമ്പർ വിളിച്ചു. "നമ്പർ 4 നീതു."അവൾഎഴുന്നേറ്റ് നിന്നു പക്ഷേ പ്രസന്റ് പറഞ്ഞില്ല.അപ്പോഴാണ് മാഷിന്റെ കണ്ണിൽ നീതു പ്പെട്ടത്ത്. "നീതു എന്തിനാ മോളെ കരയുന്നത്." അപ്പോൾ ഒരു കുട്ടി എഴുന്നേറ്റ് നിന്ന് പറഞ്ഞു"മാഷെ അവള് മാഷ് ക്ലാസിൽ കയറിയപ്പോഴെ കരയാൻ തുടങ്ങിയതാണ്."അപ്പോൾ വേറെ കുട്ടി പറഞ്ഞു. "നമ്മകുറേനേരമായികാരണംചോദിക്കുന്നത്,അവൾകരയുന്നതല്ലതെ ഒന്നും പറയുന്നില്ല."ജയേഷ് വീണ്ടും ചോദിച്ചു."എന്തിനാകരയുന്നത്.കാര്യംപറയു.പറഞ്ഞാലല്ലെ പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളു,നീ കാരണം പറയു." നീതു തേങ്ങി തേങ്ങി കരയനുള്ള കാരണം പറഞ്ഞു"ഇന്നലെ സ്കൂളിൽ വന്നില്ല. ഇന്ന് വന്നപ്പോഴണ് അറിയുന്നത് ഞങ്ങളെ 6Cയിൽനിന്നും12 കുട്ടികളെ 6Bയിലേക്കും ബാക്കി 12 കുട്ടികളെ 6Aയിലേക്കും മാറ്റിയെന്ന് മനസ്സിലായത്. അപ്പോൾ ഞാൻ എന്റെ നല്ല സുഹൃദിനെ വിട്ടുപിരിഞ്ഞാണ് ഇവിടെ ഇരിക്കുന്നത്.

കുറേ നാൾ വളരെ സന്തോഷത്തോടെ അവളുടെയും മറ്റു കുട്ടുകാരികളൊടോപ്പം ചിരിച്ചും,കളിച്ചും,പഠിച്ചും രസിച്ചും ഇരുന്നു ഇതിപ്പോൾ പെട്ടൊന്നൊരു സുപ്രഭാതത്തിൽ ക്ലാസ് മാറി. ഇനിയെനിക്ക് കുട്ടുകാരികയോടോപ്പം ഇരിക്കാൻപറ്റില്ലെന്നറിഞ്ഞപ്പോൾ സങ്കടം സഹിക്കാൻ പറ്റാതെ കരഞ്ഞുപോയതാ.ജയേഷ് മാഷെ, എങ്ങനെയെങ്കിലും എന്നെയും കൂട്ടുകാരെയും പണ്ടത്തെപ്പോലെതന്നെ ഒരുമിച്ച്നമ്മളെ ഇരുത്താൻ പാറ്റുമോ." അവൾ തേങ്ങി തേങ്ങി തന്റെ സീറ്റിൽ തന്നെ ഇരുന്നു ജയേഷ് മാഷ് ഒന്നും പറയാൻ കഴിയതെ നിശ്ചലനായി നിന്നു.

**ദേവ്ന എം വി**

# ഒറ്റപ്പെടൽ

**വർണത്തിളർപ്പുകളുടെ**

ലോകത്ത്ഞാൻതീർത്തും
ഒറ്റപ്പെട്ടുപോവുകയാണ്.എല്ലാവരും ഉണ്ടായിട്ടും എല്ലാവരാലും ഞാൻ ഒറ്റപ്പെടുകയാണ്.എനിക്ക് യാതൊരു കഴിവുകളുമില്ല.മറ്റുള്ളവരുടെ കഴിവുകൾ കാണുമ്പോൾ എനിക്ക് അസൂയ തോന്നുന്നു.സോഷ്യൽമീഡി യ തുറക്കുമ്പോൾ തന്നെ കാണുന്നത് എത്രയെത്ര മാസ്മരികപ്രകടനങ്ങൾ ആണ്. ചിത്രംവര ,ഡാൻസ്,പാട്ട്,പ്രസംഗം മുതലായ എത്രയെത്ര പ്രകടനങ്ങളാണ് എനിക്ക് ചുറ്റുമുള്ളത്.അതിനിടയിൽ ഞാൻ മാത്രം ഒന്നും അറിയാത്ത ഒരു മണ്ടൻ.വൊറുമൊരു മണ്ടൻ.

കഴിവുകളാവുന്ന വർണങ്ങളാൽ ഈ ലോകം ഇന്ന് നിറഞ്ഞുനിൽക്കുകയാണ്.ആ ലോകത്തിൽ തീർത്തും ഒരു തോൽവിയാവാൻ എന്തിനാണാവോ ഈശ്വരൻ എന്നെ ഇങ്ങോട്ടയച്ചത്.എന്റെ സുഹൃത്ത് രമ്യ അവൾ അതിമനോഹരമായി ഡാൻസ് ചെയ്യും.കഴിഞ്ഞ ദിവസം കോളേജിൽ നടന്ന ഓണാഘോഷ പരിപാടിയിൽ എല്ലാവരും ഓരോരോ പ്രോഗാമുകൾ ചെയ്യാമെന്ന് പറഞ്ഞുകൊണ്ടിരിക്കുകയായിരു ന്നു,പെട്ടെന്ന് രതീഷ് എന്നോട് ചോദിച്ചു."അരുൺ നീ എന്താണ് ചെയ്യുന്നത്."ആ ചോദ്യത്തിന്റെ സൂചിമുനയിൽ ഞാൻ വിറച്ചുകൊണ്ട് നിന്നുപോയി.അതിന് മറുപടി മൗനമായിരുന്നു. പിറ്റേന്ന് എല്ലാവരും വർണാഭയമായ വസ്ത്രധാരണയോടെയാണ് കോളേജിൽ എത്തിയിരുന്നത്.
ഞാൻ മാത്രം അതിനിടയിൽ.....

പുതുതലമുറ അല്ല ന്യൂജൻ കാലം. ഈ കാലത്ത് യാതൊരു അറിയാത്തതായി ആരാണുള്ളത്?സോഷ്യൽ മീഡിയകൾ തരംഗങ്ങൾ സൃഷ്ടിക്കുന്ന ഈ ന്യൂജൻ യുഗത്തിൽ ഞാൻ തീർത്തും ഒറ്റപ്പെടുകയാണ്.മാനസി കമായി ഞാൻ തളരുകയാണ്.കോളേജിൽ ഞാൻ ആരോടും സംസാരിക്കാറില്ല.സംസാരിക്കാൻ ഇഷ്ടമല്ലാഞ്ഞിട്ടല്ല.ഞാൻ പറയുന്നത് കേൾക്കാൻ അവർക്ക് സമയമുണ്ടോ?അത് കേൾക്കാൻ അവർ താൽപാര്യം കാണിക്കുമോ? എന്ന പേടിയാണ് എന്നെ അങ്ങനെ ചെയ്യിപ്പിക്കുന്നത്.
ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ തികച്ചും ഒരു ഇൻട്രോവെർട്ബോയി എന്റെ കഴിവുകൾ എപ്പോഴും ഞാൻ എന്റെ ദയത്തിനുമുന്നിൽ അടിയറവുവെയ്ക്കുകയായിരുന്നു ചെയ്തിരുന്നത്.

സോഷ്യൽ മീഡിയ ദൃശ്യവിരുന്നൊരുക്കുന്ന ഈ കാലത്ത് എന്തുകൊണ്ടാണ് ഞാൻ മാത്രം ഇങ്ങനെയിരിക്കുന്നത്?ഞാൻ ഇങ്ങനെ യാവാൻ ഞാനാണോ കാരണം?അതോ വെറെ ആരെങ്കിലുമാണോ?

ലോകം എന്താണെന്ന് ഞാൻ അറിയാൻ തുടങ്ങിയത് പ്ലസ് ടു പഠനം പൂർത്തിയാക്കി എറണാകുളം കോളേജിൽ മെഡിക്കൽ പഠനത്തിന് ചേർന്നതിൽ പിന്നെയായിരുന്നു.തികച്ചും നാട്ടിൻ പുറത്തുകാരനായിരുന്ന ഞാൻ അവിടെ ചേർന്നപ്പോൾ തികച്ചുംഒറ്റപ്പെട്ടുപോയി.ഹോസ്റ്റലിൽ താമസം കൂടിയായപ്പോൾ ഞാൻ മൗനത്തിലേക്ക് ഇറങ്ങിപ്പോയി.മാനസിക സംഘർഷങ്ങളുടെ ആഴക്കടലി ലേക്ക് ഞാൻ ഇറങ്ങിപ്പോയത് മിന്നൽ വേഗത്തിലായിരുന്നു.


കാലത്തിനൊത്ത് ഓടികൊണ്ടിരിക്കുകയാണീ നഗരം.അതിൽഅതിൽ എന്റെ ചലനം മാത്രം നിലച്ചിരിക്കുകയാണെന്ന് എനിക്ക്തോന്നുന്നു.വർണങ്ങളാൽ നിറഞ്ഞിരിക്കുന്ന ഈ ലോകത്ത് ഞാൻ തീർത്തും ഒറ്റപ്പെടുകയാണ്.ഞാൻ ഇങ്ങനെയായത് ഒരു തെറ്റാണോ? എനിക്കറിയില്ല....ഈ ലോകത്തിൽ ഒരു കഴിവുകൾ ഇല്ലാതെ ആരുംപിറക്കുകയില്ല എന്നാണല്ലോ.....

ഐശ്വര്യതമ്പാൻ

10B



# വിശ്വമനോഹരിയായ പ്രകൃതി



പൊന്നിൻ മയം തുളുകുന്ന പാടത്തിൽ
കാറ്റാൽ തഴുകുന്ന നെന്മണികൾ
കേരവൃക്ഷ തിങ്ങിനിറഞ്ഞൊരു-
വിശ്വമനോഹരി എൻ പ്രകൃതി.
കളകളമൊഴുകുന്ന അരുവിയിലെ ഓള
-ങ്ങൾ താളം പിടിക്കുന്നു. മന്ദം മന്ദം

വസന്തകാലാരംഭത്തിൽ പൂവണിയുന്നു
ദേവസേനയാം പ്രകൃതി മാതാവും.
തുലാം മാസാരംഭത്തിൽ ഉഗ്രരൂപിണി
യാവും വിശ്വസുന്ദരിനയാം പ്രകൃതി
പൂക്കൾ വിടരും സുഗന്ധം നിറയും
സുന്ദര്യമയമാകും വിശ്വമൊട്ടാകെ
പൊന്ന് വിളയുന്ന കിഴക്കു ദിക്കിൽ
ദീപമായ് തിളങ്ങുന്ന സൂര്യദേവൻ
പാടത്തിൽ കര നീളെ പച്ചനിറമായ്
തുങ്ങിനിൽക്കും കയ്പവള്ളികളും പയറുകളും
കാറ്റത്താടുന്നു ഭംഗി  നിൽക്കേ
എത്ര മനോഹരിയെൻ പ്രകൃതി
പൂവിൻ തേൻ നുകരാനെത്തു
ശലഭങ്ങളും കൊച്ചു വണ്ടുകളും
ആകാശത്തിൽ പറന്നുയരും
സമാധത്തിൻ  പ്രാവുകളും
ആകാശ വിശാലതയിൽ  പറന്നുയരും
മായവർണ്ണശലഭി പ്രകൃതി
മായസുന്ദരി ദേവിയാം എൻ പ്രകൃതി.
വിശ്വം തോൽക്കുമി ഭംഗിയിൽ
എൻ മനം അലിയുമി നിമിഷം
രാത്രിയിൽ മാനത്ത് മിന്നിത്തിളങ്ങും
നക്ഷത്രക്കൂട്ടങ്ങൾ ചൊരിയും പ്രഭയും
കുയിലമ്മ തൻ പാട്ടിൻ ഈണം
മധുരമാക്കുന്നു പ്രകൃതിയിൽ
സൗന്ദര്യ ശോഭിതയായി വിളങ്ങുന്നു
സൗന്ദര്യ മാതാവാം എൻ പ്രകൃതി
ശോഭിതമാക്കുന്നു ലോകഗോളത്തെ

പച്ചിലകളെ തഴുകിയെത്തും തെന്നൽ
കുളിരാൽ മെല്ലെ പുണരും ഭൂമിയേ
വിശ്വ സുന്ദരിയാം പ്രകൃതി.

പാർവ്വതി കെ പി
9 C

വിഷ്ണുസുമൻ എൻ.വി

# പുതുതലമുറയുടെ ഒരു കടന്നു പോക്ക്

സ്വന്തം കുടുംബത്തിൽ താൻ തികച്ചും ഒറ്റപ്പെട്ടതുപോലെതോന്നുന്ന ഒരു വയോധികന്റെ കഥയാണിത്.വളരെ മനോഹരമായ ഒരു ഗ്രാമത്തിൽ നിന്ന് ഫ്ളാറ്റുകളിലെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടുന്ന ഒരു പാവം മനുഷ്യന്റെ പേര് രാമൻ.ഗ്രാമത്തിന്റെ മനോഹാരിതയിൽ ജനിച്ചുവളർന്ന് സ്നേഹബന്ധങ്ങളുടെ ഇടയിൽ കളിച്ചുവളർന്ന രാമന് ഇന്ന് വയസ്സ് പതിനെട്ട് അല്ല.


പുതുതലമുറയുടെ സംസ്കാരത്തിന് ഒട്ടും അംഗീകരിക്കാൻ കഴിയാത്ത ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ് പണ്ടത്തേ തലമുറയുടേത്.തന്റെ കുടുംബത്തോടൊപ്പം സന്തോഷത്തോടെ ജീവിച്ചു പോവുകയായിരുന്നു രാമൻ. തന്റെ സന്തോഷങ്ങൾക്കിടയിൽ തിരക്കു പിടിച്ച ജീവിതാനുഭവങ്ങൾക്കിടയിൽ തലമുറകളുടെ വളർച്ച ശ്രദ്ധിക്കാതെ പോയതിന്റെ വേദനയിൽ കഴിയുകയാണ് ഇന്ന് രാമൻ.

തന്റെ മക്കളുടെ സൗകര്യത്തിനായി സുഖത്തിനായി ജീവിച്ചിരുന്ന രാമന് ഇന്ന് മക്കളെന്നു പറയാൻ ആരുമില്ല.സ്വന്തം മാനാഭിമാനം നോക്കി മക്കൾ പോകുമ്പോൾ അവിടെ അനാഥരാകുപ്പെടുന്ന മാതാപിതാക്കളിൽ ഒരാളായിരിക്കുകയാണ് രാമൻ .ഗ്രാമത്തിൽ ജനിച്ചു വളർന്ന് അവിടത്തെ സംസ്കാരങ്ങളുമായി ഇണങ്ങിയ രാമന് ഉൾക്കൊള്ളാവുന്നതിലപ്പുറമായിരുന്നു ഇന്നത്തെ തലമുറയുടെ സംസ്കാരം.വലുതാകുന്നതോടെ തന്റെ മക്കളും ന്യൂജനറേഷന്റെ ആഡംബരത്തിൽ മുങ്ങികുളിക്കുകയാണ്.മക്കൾ പുതിയൊരു ജീവിതമാരംഭിക്കുമ്പോൾ ഒറ്റപ്പെട്ടുപോവുകയായിരുന്നു രാമൻ.മക്കളുടെ വളർച്ച കണ്ട് ആസ്വദിക്കാനുള്ള സമയം പോലുംകിട്ടാതെ രാമന്റെ ഭാര്യ നേരത്തെ മരിച്ചുപോയിരുന്നു.ഒരു കാവൽക്കാരനെ പോലെ മക്കളുടെ കൂടെ എന്നും ഒരു താങ്ങായും തണലായും രാമനുണ്ടായിരുന്നു. ഗ്രാമത്തിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനു പകരം ഫ്ളാറ്റുകളിലേക്ക് താമസംമാറിയിരിക്കുക യാണ് തന്റെ മക്കൾ.നിവർത്തിക്കേടുകെ ാണ്ട് രാമന് എത്ര ശ്രമിച്ചിട്ടും പുതുതലമുറയുടെ സംസ്കാരത്തിനോടൊത്തു ചേരാൻ കഴിഞ്ഞിരുന്നില്ല.

സ്വന്തം അച്ഛനെ സമൂഹത്തിനുമുന്നിൽ പരിചയപ്പെടുത്താൻ നാണിക്കുന്ന തലമുറയുടെ ലോകത്താണ് രാമന്റെ മക്കളും.മക്കളുടെ സംസാരശൈലിയിലും,വേഷഭൂഷണത്തിലുള്ള മാറ്റവും ആഡംബരം ആഗ്രഹിക്കാത്ത ഗ്രാമത്തിന്റെ വേഷഭൂഷണത്തെ അംഗീകരിക്കുന്ന ,ഗ്രാമത്തിന്റെ സംസ്കാരത്തെ അംഗീകരിച്ച ഒരു മനുഷ്യനായിരുന്നു രാമൻ.പല പല ആഘോഷങ്ങളിലും തന്റെ അച്ഛനെ ലോകത്തിനു മുന്നിൽ തുറന്നുകാട്ടാൻ മടിയുള്ളവരായിരുന്നു അദ്ദേഹത്തിന്റെ മക്കൾ.ഒരോ പ്രവൃത്തിയിലും സ്വന്തം ആത്മാഭിമാനത്തെ മാനിച്ച് അവയ്ക്ക് ദോഷം വരാത്ത കാര്യങ്ങൾ ചെയ്യാൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.ഒരു ഭ്രാന്തന്റെ അവസ്ഥയാണ് ഇന്ന് രാമന്.ജയിൽ പുള്ളിയെ പോലെ തടവറയിൽ കിടക്കുന്നതുപോലെ ഒരു ജീവിതം കഴിച്ചു കൂട്ടുകയാണ് രാമൻ.തന്റെ മക്കൾ താൻ കാരണം സമൂഹത്തിനു മുന്നിൽ തലതാഴ്ത്തരുത് എന്ന് വിചാരിച്ച് എല്ലാ സങ്കടങ്ങളും സന്തോഷങ്ങളും ആഗ്രഹങ്ങളും കടിച്ചമർത്തുകയാണ് ആ പാവം മനുഷ്യൻ.വർണത്തിളപ്പിന്റെ ലോകത്ത് താൻ തികച്ചും ഒറ്റപ്പെടുന്നതുപ്പോലെ അയാൾക്ക് തോന്നി.രാമനെ പോലെ ജീവിതം കഴിച്ചുകൂട്ടുന്നതാണ് ഇന്ന് ഏറെയും.പുതുതലമുറയുടെ ഫാഷനിൽ സ്വന്തം മാതാപിതാക്കളെ അന്യരെപ്പോലെ കാണുന്ന സമൂഹത്തിനുമുന്നിൽ ഒരു ഉദാഹരണമാകട്ടെ ഈ കഥ.രാമന്റെ അവസ്ഥ ഈ സുന്ദരമായ ഭൂലോകത്ത് മാതാപിതാക്കൾക്കും വരാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.......

സാരംഗി ടി പി

9B



രൂപക് ടി.പി

# വാശിക്കു നാശം

ചിന്നൻ കുരങ്ങനും ചിട്ടുമാനും ചങ്ങാതിമാരായിരുന്നു. നേരം വെളുത്താൽ ഇരുട്ടുന്നതു വരെ ഒരുമിച്ച് ഉണ്ടാവും. കാട്ടിലെ മറ്റു മൃഗങ്ങൾക്കെല്ലാം ഇവരുടെ ചങ്ങാത്തം കണ്ട് അസൂയ തോന്നി. ഒരു ദിവസം ചിന്നനും ചിട്ടുവും ഒത്തുകൂടിയപ്പോൾ ചിന്നൻ പറഞ്ഞു ചിട്ടൂ എനിക്ക് വിശന്നിട്ട് വയ്യ, തിന്നാൻ വല്ലതും കിട്ടിയിരുന്നെങ്കിൽ. അപ്പോൾ ചിട്ടു പറഞ്ഞു; ചിന്നാ എനിക്കുമുണ്ട് വിശപ്പ്, അത് മാറ്റാൻ ഒരു വഴിയുണ്ട്. വാ, ഞാൻ കാണിച്ചു തരാം. ചിട്ടുമാൻ ചിന്നൻ കുരങ്ങനെയും വിളിച്ച് കൊണ്ടുപോയത് കുറച്ചുദൂരെ ഒരു തേന്മാവിൻ ചുവട്ടിലേക്കാണ്. മാവിൽ നിറയെ സ്വർണ്ണവർണ്ണമുള്ള മാമ്പഴങ്ങൾ. അതു കണ്ടതും ചിന്നൻ കുരങ്ങൻ ആ മാവിലേക്ക് ചാടിക്കേറി. മാമ്പഴങ്ങൾ ഓരോന്നായി പറിച്ചുപറിച്ച് താഴേക്കിട്ടു. ചിട്ടു അവയെല്ലാം പെറുക്കി ഒരു കുട്ടയിലാക്കി. പിന്നെ രണ്ടുപേരുംകൂടി മാമ്പഴങ്ങൾ പങ്കുവെയ്ക്കാൻ തുടങ്ങി. അപ്പോഴതാ ഒരു പ്രശ്നം, തുല്യമായി മാമ്പഴം ഭാഗിക്കുമ്പോൾ ഒരെണ്ണം ബാക്കി വരുന്നു. അത് എനിക്കു വേണം. ഞാനല്ലേ മാവ് കാണിച്ചു തന്നത് ചിട്ടുമാൻ പറഞ്ഞു.

പറ്റില്ല മാവിൽ കയറി മാമ്പഴം താഴെയിട്ടത് ഞാനാ. അധികം വരുന്ന മാങ്ങ എനിക്കു വേണം. ഒരു മാമ്പഴത്തിനു വേണ്ടി ചങ്ങാതിമാർ വാശി പിടിച്ചു. തമ്മിൽ പൊരിഞ്ഞ തർക്കമായി. തർക്കം മൂത്ത് കശപിശയായി. അപ്പോൾ ആ വഴിക്കിതാ ഡിമ്പനാന വരുന്നു. ഡിമ്പനെ കണ്ടപ്പോൾ മിട്ടുവും ചിന്നനും അവനെ സഹായത്തിനു വിളിച്ചു. ഡിമ്പൻ ചേട്ടൻ ഈ പ്രശ്നത്തിന് പരിഹാരം നിർദേശിക്കണം. രണ്ടുപേരും ഒരേ സ്വരത്തിൽ ഡിമ്പൻ ആനയോട് പറഞ്ഞു. ചിന്നൻ കുരങ്ങന്റെയും ചിട്ടുമാനിന്റെയും വാദവും പ്രതിവാദവും ഡിമ്പനാന ശ്രദ്ധിച്ചു കേട്ടു. എന്നിട്ട് അൽപനേരം ആലോചനയിലാണ്ടു. പിന്നെ രണ്ടുപേരോടുമായി പറഞ്ഞു. ശരി..ശരി... ഈ മാമ്പഴക്കേസ് ഞാൻ ഭംഗിയായി തീർത്തുതരാം. രണ്ടുമിനിറ്റോളം നിങ്ങൾ രണ്ടാളും കണ്ണടച്ചുനിൽക്കണം. ഞാൻ പറഞ്ഞതിനുശേഷമേ കണ്ണ് തുറക്കാവൂ.

ഡിമ്പൻ കല്പിച്ചതുപോലെ ചിന്നനും ചിട്ടുവും കണ്ണടച്ചു നിൽപ്പായി. ഈ തക്കത്തിന് ഡിമ്പനാന മാമ്പഴം കുട്ടയോടെ എടുത്ത് തന്റെ വായിലേക്കിട്ടു. നിമിഷനേരം കൊണ്ട് മാമ്പഴം അപ്പടി ഡിമ്പന്റെ വയറ്റിലായി. പിന്നെ ഡിമ്പൻ ഒറ്റനടത്തം നടക്കുന്നതിനിടയിൽ തിരിഞ്ഞുനോക്കിക്കൊണ്ട് പറയുകയും ചെയ്തു. ഇനി രണ്ടുപേർക്കും കണ്ണുതുറക്കാം കേട്ടോ! കണ്ണുതുറന്ന ചിന്നനും മിട്ടുവും നാണിച്ചുപോയി. കുട്ടയുമില്ല മാമ്പഴവുമില്ല. ഡിമ്പൻ പറ്റിച്ചുകളഞ്ഞു. ഒരു മാമ്പഴത്തിനുവേണ്ടി വാശിപിടിച്ച് തർക്കിച്ചതുകൊണ്ടാ ഇങ്ങനെയൊക്കെ സംഭവിച്ചത്. ഇനിമേലിൽ ഇതാവർത്തിക്കില്ല! അവിടെവച്ച് ചിന്നൻകുരങ്ങനും ചിട്ടുമാനും പ്രതിജ്ഞയെടുത്തു. ആ സംഭവത്തിനുശേഷം അവർ അന്യോന്യം ഒരിക്കലും തർക്കിച്ചിട്ടേയില്ല.

അലൈന.എം



# കയ്പുള്ള പാൽപ്പായസം

തിരുവിതാംകൂർ അരചനായ മാർത്താണ്ഡവർമ്മ മുഖസ്തുതിയിലും സേവപിടുത്തത്തിലും വീണുപോകുന്ന വ്യക്തിയായിരുന്നില്ല. അവസരം കിട്ടുമ്പോഴൊക്കെ തന്റെ സേവകരുടെ ആത്മാർഥത പരീക്ഷിച്ചറിയുമായിരുന്നു അദ്ദേഹം. ഒരിക്കൽ മാർത്താണ്ഡവർമ്മ അമ്പലപ്പുഴയ്ക്ക് എഴുന്നള്ളി. നിരവധി സേവകരോടൊപ്പം കുഞ്ചൻ നമ്പ്യാരും അദ്ദേഹത്തെ അകമ്പടി സേവിച്ചിരുന്നു. അമ്പലപ്പുഴയിലെത്തിയ മഹാരാജാവ് ഊണുകഴിച്ചുകൊണ്ടിരിക്കെ തന്റെ സേവകരെ ഒന്നു പരീക്ഷിക്കാം എന്നുറച്ചു. ഊണിനു രുചികരമായ പാൽപ്പായസം ഉണ്ടായിരുന്നു. അമ്പലപ്പുഴ പാൽപ്പായസം പ്രസിദ്ധമാണല്ലോ. പായസം വിളമ്പി രാജാവ് അൽപം രുചിച്ചുനോക്കി. നല്ല സ്വാദ്! ചേരുവയൊത്ത കൂട്ടും പാചകവും! പക്ഷേ രാജാവ് പെട്ടെന്ന് മുഖത്ത് ദേഷ്യവും വെറുപ്പും വരുത്തി പായസം നീക്കിവച്ചുകൊണ്ട് സേവകരെ നോക്കി പറഞ്ഞു; എന്തൊരു കയ്പാണ്! ഈ പായസത്തിന് ഒട്ടും രുചിയില്ല.

അറുവഷളൻ സാധനം! രാജാവ് ഇങ്ങനെ അഭിപ്രായപ്പെട്ടയുടനെ സുഖമായി പായസം കഴിച്ചുകൊണ്ടിരിക്കുന്ന സേവകന്മാരും പായസംകുടി നിർത്തിയിട്ട് മാർത്താണ്ഡവർമ്മയെ പിൻതാങ്ങിക്കൊണ്ടറിയിച്ചു; തിരുമേനി പറഞ്ഞത് നേരാണ്. ഇതാണോ അമ്പലപ്പുഴ പാൽപ്പായസം? കയ്ച്ചിട്ട് ഒരു തുള്ളി പോലും ഇറക്കാനാകുന്നില്ല. നാശം! അതെയതെ, മഹാരാജാവാണ് അതിഥി എന്ന വിചാരം പോലുമില്ല പാചകക്കാർക്ക്...! രാജാവിനെ പ്രീതിപ്പെടുത്താനായി സേവകരിൽ ചിലർ പാചകക്കാരുടെ നേരെ കയർക്കുകയുമുണ്ടായി. ഇതെല്ലാം കണ്ടും കേട്ടും മാർത്താണ്ഡവർമ്മ ഉള്ളാലെ ചിരിക്കുന്നുണ്ടായിരുന്നു. എന്തൊരു വിഡ്ഢികൾ..! തന്നെ പ്രീതിപ്പെടുത്താൻ വേണ്ടിമാത്രം രുചികരമായ ഒന്നാംതരം പാൽപ്പായസം വേണ്ടെന്നുവച്ച പമ്പരവിഡ്ഢികൾ! ഗൗരവം വിടാതെ രാജാവ് ഊണുകഴിക്കൽ നിർത്തി എഴുന്നേറ്റു. തൽക്ഷണം ഊണുകഴിച്ചുകൊണ്ടിരിക്കുന്ന സേവകരും ചാടി എഴുന്നേറ്റു. പക്ഷേ ഇതൊന്നും ശ്രദ്ധിക്കാതെ ഊട്ടുപുരയിലെ ഒരറ്റത്തിരുന്ന് ഒരാൾ മാത്രം കുശാലായി പായസം അകത്താക്കുന്നത് രാജാവ് ശ്രദ്ധിച്ചു. രാജാവ് സൂക്ഷിച്ചുനോക്കി. ഫലിതസാമ്രാട്ടായ സാക്ഷാൽ കുഞ്ചൻ നമ്പ്യാർ! മാർത്താണ്ഡവർമ്മ നമ്പ്യാരുടെ സമീപം ചെന്നുനിന്ന് മെല്ലെ അന്വേഷിച്ചു; എന്താ നമ്പ്യാരേ പായസത്തിന് നല്ല കയ്പ് തോന്നുന്നില്ലേ? അതുകേട്ട് നമ്പ്യാർ തന്റെ കൈവിരലുകൾ ഒന്നുകൂടി നക്കിത്തുടച്ചിട്ട് പറഞ്ഞു; തിരുമേനി അരുളിച്ചെയ്തതുപോലെ പായസത്തിന് നല്ല കയ്പ് ഉണ്ട്. പക്ഷേ ഈ കയ്പ് അടിയന് പണ്ടേ വളരെയധികം പ്രിയമുള്ളതാണേ. നമ്പ്യാർ വീണ്ടും പായസം വാങ്ങിക്കുടിക്കാനുള്ള ശ്രമത്തിലായിരുന്നു. മഹാരാജാവ് അതുകേട്ട് പൊട്ടിച്ചിരിച്ചുപോയി. മുഖസ്തുതിക്കാരായ സേവകർക്ക് അപ്പോഴാണ് തങ്ങൾക്ക് പിണഞ്ഞ അമളി മനസ്സിലായത്.



നാമ്പ്

# ശാസ്ത്രവും മനുഷ്യനും

മാനവരാശിക്ക് ഈ കാലഘട്ടത്തിൽ വളരെയധികം സംഭാവന നൽകിയതാണ് ശാസ്ത്രരംഗത്തെ പുരോഗതി. ശാസ്ത്രവും ശാസ്ത്രരംഗത്തെ പുരോഗതികളും ഇന്ന് മനുഷ്യജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. ശാസ്ത്രം കൊണ്ട് അസംഭവ്യമായത് ഒന്നുമില്ല എന്നുതന്നെ പറയാം.

നമുക്ക് അഭിമാനിക്കാവുന്നതുപോലെ ഇന്ത്യയും ശാസ്ത്രരംഗത്ത് വളരുകയാണ്. നമ്മുടെ ബഹിരാകാശ ഗവേഷണ ഏജൻസിയായ ഐ. എസ്. ആർ. ഒ. ഈയിടെ നമ്മുടെ ഇന്ത്യയുടെ ചാന്ദ്രപര്യവേഷണ ദൗത്യമായ ചാന്ദ്രയാൻ-3 വിജയകരമായി ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഇറങ്ങി ചരിത്രത്തിൽ ഇടംപിടിച്ചിരിക്കുകയാണ്. ഇന്ത്യയുടെ സൂര്യപര്യവേഷണ ദൗത്യമായ ആദിത്യ-എൽ-1 വിക്ഷേപിക്കപ്പെട്ടതും ഇന്ത്യയെ അഭിമാനപുളകിതമാക്കി. പണ്ടൊക്കെ നോക്കെത്താദൂരത്ത് അത്ഭുതവിസ്മയമായി നിലനിന്ന സൂര്യനും ചന്ദ്രനുമൊക്കെ ഇന്ന് മനുഷ്യന്റെ കൈക്കുമ്പിളിലായിരിക്കുന്നു.

ഇന്ന് ശാസ്ത്രം നമ്മുടെ വിരൽത്തുമ്പിലായിരിക്കുന്നു. ചാന്ദ്രയാൻ മുതൽ ഇന്നത്തെ മൊബൈൽ ഫോൺ വരെ ശാസ്ത്രരംഗത്തെ അത്ഭുതപുരോഗതിയുടെ ഉത്തമ ഉദാഹരണങ്ങളാണ്. പണ്ടുകാലത്തെ ടെലിഫോൺ മുതൽ ഇന്ന് നാം എത്തിനിൽക്കുന്ന ഐഫോൺ വരെ ലോകത്തെല്ലായിടത്തേക്കും ആശയവിനിമസത്തിനും ഏതുവിവരങ്ങൾ വേണമെങ്കിലും വിരൽത്തുമ്പിൽ എത്തിക്കുന്ന ശാസ്ത്രപുരോഗതിയുടെ ഏറ്റവും വലിയ ഉദാഹരണങ്ങളാണ് മൊബൈൽ ഫോൺ. ശാസ്ത്രം മനുഷ്യനെ പുരോഗതിയുടെ കൊടുമുടിയിൽ എത്തിച്ചുനിൽക്കുന്നു. ഇന്ന് ശാസ്ത്രമില്ലാത്ത മേഖലകളില്ല. കാർഷികമേഖല മുതൽ അധ്യാപകമേഖല വരെ ശാസ്ത്രപുരോഗതി എല്ലാരംഗത്തും കാണാൻ കഴിയും. ഇന്ന് അധ്യാപകമേഖലയിൽ റോബോട്ടുകളാണ് പരിശീലിച്ചുവരുന്നത്. അതുപോലെത്തന്നെ മനുഷ്യന്റെ ജീവഹാനി കുറക്കാനും പരിക്കില്ലാതാക്കാനുമൊക്കെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഇസ്രയേൽ ഹമാസ് യുദ്ധത്തിൽ പട്ടാളക്കാർക്കുപകരം റോബോട്ടുകളെയാണ് ഇറക്കുമതി ചെയ്തത്. ഇന്ന് ഭൂമിയിൽ മനുഷ്യനില്ലെങ്കിലും മനുഷ്യൻ കണ്ടുപിടിച്ച ശാസ്ത്രങ്ങൾക്കാണ് ആവശ്യകത.

ശാസ്ത്രരംഗത്തെ പുരോഗതി മനുഷ്യന്റെ തൊഴിലിന് ഒരു ഭീഷണി കൂടിയാണ്. മനുഷ്യന് പകരം റോബോട്ടിനെ എടുത്താൽ വേതനം നൽകേണ്ട, വിശ്രമം ആവശ്യമില്ല. പട്ടാളരംഗത്താണെങ്കിൽ പരിക്കുകളേറ്റാൽ കുഴപ്പമില്ല എന്നിങ്ങനെ വളരെയധികം പ്രയോജനമുള്ളവയാണ്. ശാസ്ത്രരംഗത്തുണ്ടായ പുരോഗതിക്ക് മാനവരാശിക്ക് കുറച്ച് ദോഷങ്ങളും അനുഭവിക്കേണ്ടി വരുന്നു. ശാസ്ത്രം വിരൽത്തുമ്പിൽ എന്ന പോലെ ഇന്ന് സൈബർ കുറ്റകൃത്യങ്ങളും വിരൽത്തുമ്പിലാണ്. സ്വിച്ചിട്ടാൽ ഫാൻ കറങ്ങുന്നതുമുതൽ, മനുഷ്യസഹായികളായ റോബോട്ടുകൾ വരെ ശാസ്ത്ര വിസ്മയങ്ങളാണ്. ഈയിടെ കൊച്ചിയിൽ വന്നെത്തിയ പറക്കും മനുഷ്യൻ നമുക്കേവർക്കും ഒരു വിസ്മയമായിരുന്നു. കാർഷികമേഖലയിലെ നമ്മുടെ കഠിനാധ്വാനം കുറച്ചത് ട്രാക്ടറുകളായിരുന്നു. അതുപോലെത്തന്നെ മെഡിക്കൽ രംഗത്തും മനുഷ്യൻ ശാസ്ത്രപുരോഗതി കൈവരിച്ചു. ലക്ഷക്കണക്കിനാളുകൾ മരണമടഞ്ഞ പണ്ടുകാലത്തെ വസൂരി, ഈയിടെ പടർന്നുപിടിച്ച മഹാമാരിയായ കൊറോണ, നിപ എന്നിവയെല്ലാം നാം അതിജീവിച്ചത് വാക്സിനിലൂടെയാണ്. മനുഷ്യരാശിയുടെ ജീവൻ രക്ഷിച്ച ഒന്നുതന്നെയാണിത്.

ശാസ്ത്രമില്ലെങ്കിൽ ഇന്ന് മനുഷ്യനില്ല, ഭൂമിയില്ല. മനുഷ്യനെ പുരോഗതിയുടെ കൊടുമുടിയിലെത്തിച്ച ഒരു മാന്ത്രികവിദ്യതന്നെയായിരുന്നു ശാസ്ത്രം. ശാസ്ത്രപുരോഗതിയുടെ ഈ കാലം മാനുഷികപരിവർത്തനത്തിന്റെ ഒരു കാലം തന്നെയാണെന്നു പറയാം.

**ലക്ഷ്മിപ്രിയ.പി**

10A

# യഥാർത്ഥ കള്ളൻ

രാഘവൻ മാഷ് ക്ലാസ്സിലേക്ക് കടന്നു വന്നു എല്ലാവരും നിശ്ശബ്ദരായി. പുറത്ത് മഴയുടെ ശബ്ദം. ക്ലാസിന്റെ ഒരു മൂലക്കിരുന്ന് നീതു കരയുകയാണ് ഗ്രേസിയും ലക്ഷ്മിയും എന്തൊക്കെയോ പിറുപിറുക്കുന്നു.മാഷിന്റെ ചൂരൽ വടി അവളുടെ പുറത്ത് വീണത് അവൾ പോലും അറിഞ്ഞിരുന്നില്ല .അത്ര വേഗത്തിലായിരുന്നു അടി .ആ സമയത്താണ് വരുൺ പതിവുപോലെ ക്ലാസിലേക്ക് വൈകിവന്നത്. മാഷ് അവന്റെ വഴക്കൊന്നും പറഞ്ഞില്ല.അവൻ സീറ്റിലേക്കിരുന്നു. മാഷ് നീതവിനെ ക്ലാസിൽ നിന്ന് പുറത്താക്കി.അവൾ പോട്ടികരഞ്ഞു. വരുണിന് കാര്യമൊന്നും മനസ്സിലായില്ല അവൻ അവന്റെ അടുത്തിരുന്ന മനുവിനോട് കാര്യം തിരക്കി
എല്ലാ ദിവസവും അവൾ ക്ലാസിൽ നേരത്തെ എത്താറുണ്ടായിരുന്നു അനന്ദയുടെ സ്വർണ്ണപാദസരം തലേന്നാൾ ക്ലാസിൽ കളഞ്ഞു പോയതായി അവളുടെ അമ്മ മാഷെ വിളിച്ചു പറഞ്ഞിരുന്നു നീതു ക്ലാസിൽ നേരത്തെ എത്തുന്നത് കൊണ്ട് മാഷ് അവളെ അത് നോക്കാൻ ഏൽപിച്ചിരുന്നു കൂടാതെ ക്ലാസിൽ മാഷിന് അത്യാവശ്യമായ ചില ഫയലുകൾ കൂടിയുണ്ടായിരുന്നു.നീതിവിന്റെ അച്ഛൻ സ്കൂളിലെ പ്യൂണായതുകൊണ്ട് അവൾക്ക് ക്ലാസിലെ താക്കേലും കിട്ടും .ഇപ്പോൾ അതല്ല പ്രശ്നം മാഷിന്റെ ഫയലുകളും ഓഫീസിലുയുണ്ടായിരുന്ന് 4 താക്കോലുകളും കാണാനില്ല.

അനന്ദയുടെ പാദസരവും അവിടെ കാണാനില്ല .നീതുവിന്റെഅച്ഛനാകടെ ഇന്ന് സ്കൂളിൽ എത്തിയിട്ടുമില്ല എല്ലാവരും നീതുവും അവളുടെ അച്ഛനമാണ് ഇതിന് പിന്നിൽ എന്ന് പറഞ്ഞു കൂടാതെ രവിയാകടെ അവൾ മേഷ്ടിക്കുന്നത് കണ്ടുവെന്ന് പറഞ്ഞു. രാഘവൻ മാഷന് ഇത് മതിയായിരുന്നു
ശുണ്ഠി കയറാൻ . അയാൾ അവളെ പോതിരെ തല്ലി. പക്ഷെ വരുണിന് അതൊന്നും വിശ്വസിക്കാൻ കഴിഞ്ഞില്ല.
അവന് അവളെ നന്നായി അറിയാം അവന്റെ അടുത്തവീട്ടിലെ കുട്ടിയണവൾ അവൾ ഒരിക്കലും മോഷ്ടിക്കില്ല ഇതരോ അവളെ മനപൂർവ്വം കുടുക്കാൻ വേണ്ടി ചെയ്തതാണ്. അവൻ കുറേസമയം. ചിന്തിച്ചു നോക്കി അപ്പോളേക്കും ബെല്ല് അടിച്ചു.ഉച്ചയായി. ഭഷണം കഴിക്കാൻ പുറത്തേക്കിറങ്ങിയപ്പോഴും.അവൾ പുറത്ത് നിൽക്കുകയായിരുന്നു കണ്ണിൽ നിന്ന് വെള്ളം കുടു കുടെ ഒഴുകുന്നു മുഖത്ത് നിസ്സംഗഭാനവം.രാഘവൻമാഷ് അവളെ വഴക്ക്പറയുന്നത് നിർത്തിയില്ല.മാഷ് ദേഷ്യത്തോടെ അവിടെ
നിന്ന്ഇറങ്ങിപ്പോയി.വരുൺഅവളെസമാധാനിപ്പിച്ചു. അപ്പോഴാ-ണ് അനനന്ദ മാറിനിന്ന് ചിരിക്കുന്നത്. അവൻകണ്ടത്. ഏതാണ് അവന് കാര്യം മനസ്സില്ലായി. അനനന്ദയാണ് ഇതിന് പിറകിൽ അവൻ പറഞ്ഞാൽ ആരും വിശ്വസിക്കില്ല. അവൻ അവളുടെബാഗ് പരിശോധിച്ചു. അവന കളവുപോയ ഫയലുകളും
താക്കോലും കിട്ടി. അത് അവൻ രാഘവൻ മാഷെ എൽപ്പിച്ചു. രാഘവൻ മാഷിന് നീതുവിന്റെ മുഖത്ത് നോക്കാൻ കഴിഞ്ഞില്ല. പക്ഷേ നീതുവിന് മാഷിനോട് ദേഷ്യമൊന്നും തോന്നിയില്ല. പക്ഷെ അസംഭവത്തോട് കൂടി അവൾമറ്റാരോടും മിണ്ടാറില്ല വരുണോഴിച്ച്

10, 11 വർഷം കഴിഞ്ഞു.ഇപ്പോൾ നീതു വനിത പോലീസാണ്. വരുണാകട്ടെ........ ഉം രാഘവൻ മാഷ് ഇപ്പോൾ വൃദ്ധസതനത്തില്ലാണ്. നീതു ഇതറിഞ്ഞു. അവൾ രാഘവൻ മാഷെ തന്റെ വീട്ടിലേക്ക് കൊണ്ടുവന്നു. മാഷിന്റെ കണ്ണിൽ നിന്ന് കണ്ണുനീർ വരുന്നത് അവൾ കണ്ടു. അവൾ ആ കണ്ണുനീർ തുടച്ചു. നീതുവിന്റെ അച്ഛൻ മരിച്ചിട്ട്....വർഷമായി. അവൾ വിട്ടിൽ ഒറ്റക്കാണ് പിന്നെയാണ് മാഷ് അറിഞ്ഞത്.നീതുവിന്റെയും വരുണിന്റെയും കല്യാണം നിശ്ചയിച്ചിരിക്കുന്നു രാഘവൻ വളരെ സന്തോഷമായി.

**ആർദ്ര ടി വി**

# ശിഷ്യന്മാർ

ധർമാനന്ദൻ എന്ന ഗുരുവിന് വലിയൊരു ആശ്രമമുണ്ട്.പേര് ധർമ്മാ ശ്രമമം.ഗുരുവിന്റെ കൂടെ കുറേ ശിശ്യമാർ ഉണ്ട് .ധർമ്മാനന്ദന് വയസ്സായി .അയാളുടെ കാലശേഷം ആശ്രമം നോക്കി നടത്താൻ ആരുമില്ല.അദ്ധേഹം മൂന്നുപേരെ തിരഞ്ഞെടുക്കാൻ തിരുമാനിച്ചു. അവരുടെ പേര് സുധർമ്മൻ,ബോധനന്ദൻ ,ഹരിധർമ്മൻ.ഗുരു അവരിലോരാളെ തിരഞ്ഞെടുക്കാൻ വേണ്ടി മൂന്ന് ചോദ്യം തയ്യാറക്കി.

സുധർമ്മനോട് ഗുരു ചോദിച്ചു. ആദ്യത്തെ ചോദ്യം ഇതായിരുന്നു
"നമ്മുക്ക്ഇത് തകർകാൻ കഴിയു പക്ഷേ തിരച്ചെടുക്കാൻ കഴിയില്ല".
പിന്നെ ഒരുചോദ്യം ചോദിച്ചു. "ഈ ലോകത്ത് മനുഷ്യൻ  പറയുന്ന ഏറ്റവും വലിയ നുണ എതാണ്."
മൂന്നമതായി ഗുരു ചോദിച്ച ചോദ്യം  ഇതാണ്. " നമ്മൾ ജീവനോടെ കഴിച്ചിടും" ഈ മൂന്നു ചോദ്യത്തിനും സുധർമ്മന് ഉത്തരം നൽകാൻ കഴിഞ്ഞില്ല.

ഇനി ബോധനന്ദന്റെ അവസരമാണ്.അവനോട് ഇതേ ചോദ്യം ചോദിച്ചു. പക്ഷേ അവന് അതിന് ഉത്തരം ലഭിച്ചില്ല.

അടുത്തത് ഹരിധർമ്മന്റെ അവസരമാണ് . ആദ്യത്തെ ചോദ്യം ചോദിച്ചമ്പോൾ അവനത്തിന് ഉത്തരം പറഞ്ഞു. "വിശ്വാസം ,അത് തകർത്താൽ പിന്നെ തിരിച്ചെടുക്കാൻ കഴിയില്ല."രണ്ടമതെ ചോദ്യം ചോദിച്ചപ്പോൾ അവൻ പറഞ്ഞു "ഞാൻ സത്യം മാത്രമേ പറയറുള്ളു എന്ന നുണ.എല്ല വ്യക്തികളും ജീവിത്തിൽ ഒരിക്കലെങ്കിലും നുണ പറഞ്ഞിട്ടുണ്ടാക്കാം." പിന്നെ മൂന്നാമതെ ചോദ്യം ചോദിച്ചു. അപ്പോൾ  അവൻ പറഞ്ഞു. "വിത്ത്". ഈ വാക്കുൾ കേട്ട് ഗുരു സന്തുഷ്ടനായി. എന്നിട്ട് പറഞ്ഞു "നീ തന്നെ ഈ ആശ്രമത്തെ നോക്കി നടത്തണം."
ഇത് കേട്ട് ഹരിധർമ്മൻ സന്തോഷവാനായി.

അക്ഷിത് ടി

# വാർദ്ധക്യം

രാമുവും കുടുംബവും തലമുറകളായി താമസിക്കുന്നത് ആ ഗ്രാമത്തിലാണ്.അയാളുടെ പ്രായമേറിവരുകയാണ്.മക്കളെ നന്നായി പഠിപ്പിച്ച് വിദ്യാഭ്യസം നൽകിയെങ്കിലും നല്ല നിലയിലെത്തിയപ്പോൾ മക്കൾ അയാളെ ഉപേക്ഷിച്ച് വിദേശത്തേക്ക് പോയി.അയാളുടെ ഭാര്യ ഈയിടെയാണ് മരിച്ചത്.അതോടെ ആ വിട്ടിൽ അയാൾ ഒറ്റയ്ക്കായി.ആ വൃദ്ധന് ഏക ശ്വാസം മാസത്തിൽ കിട്ടുന്ന പെൻഷൻ തുകയാണ്. പ്രായമേറിവരുന്നു,ഒറ്റയ്ക്ക് വീട്ടിൽ താമസിച്ച് വൃദ്ധന് ഒറ്റയ്ക്കായി എന്ന തോന്നലുകൾ അലട്ടിക്കൊണ്ടിരുന്നു.അയൽപക്കത്ത് വീടുകളെല്ലാം മാറിയിരിക്കുന്നു.വൃദ്ധന്റെ വിടുമാത്രമാണ് പഴക്കം ചെന്നത്.അയൽക്കാർക്കും തന്റെ അയൽപ്പക്കത്ത് ഒരു പാവം  വൃദ്ധനുള്ള കാര്യം തന്നെ അറിയില്ല . അവർ അവരുടെ തിരക്കുകളിലേക്ക് മാറിയിരുന്നു . പിന്നിട് കുറച്ചുനാളുകൾക്കുശേഷം വൃദ്ധനെ തേടി അയാളുടെ മകൾ എത്തി.അയാൾക്ക് സന്തോഷവും സങ്കടവും സന്തോഷവും വന്നു.മക്കൾ വന്നത് അച്ഛൻ താമസിക്കുന്ന വീടും ചുറ്റുമുള്ള സ്ഥലവും തങ്ങൾക്ക് നൽകാൻ അവർ നിർബന്ധം പിടിച്ചു.പക്ഷെ തന്റെ ആകെയുള്ള സമ്പാദ്യം കളയാൻ അയാൾ തയ്യാറായില്ല.മകളെ ചൊടിപ്പിച്ച് ആ വീട്ടിൽ താമസിക്കാൻ അയാൾ തയ്യാറായി.എങ്കിലും ഉറങ്ങാൻ കിടന്നപ്പോൾ അയാൾ തന്റെ ആലോചന തുടങ്ങി. താൻ ഒറ്റയ്ക്ക് ആണ്. മകൾ തന്നെ ഏറ്റെടുക്കില്ല എന്ന് അയാൾ ഉറപ്പിച്ചു.ഭാര്യയുടെ വിയോഗം അയാളെ തളർത്തി.ഭാര്യയ്ക്ക് പ്രത്യേകിച്ച് രോഗങ്ങളൊന്നുമില്ലായിരുന്നു. മക്കളെ ഒന്ന് കാണാൻ ആ അമ്മയുടെ ഹൃദയം വിതുമ്പി.മക്കളെ കാണാൻ കഴിയാത്തതിന്റെ വിഷമത്തിലാണ് ആ അമ്മ മരിച്ചത്.തന്റെ ഭാര്യയുടെ ഗതി തനിക്ക് വരുമോ എന്നാണ് ആ വൃദ്ധന്റെ ഭയം.മരിക്കുന്നതിനുമുമ്പ് മക്കളോടും കൊച്ചുമക്കളോടുമൊത്ത് കഴിയാൻ അയാൾ കൊതിക്കുന്നു.എല്ലാവരുമുണ്ടായിട്ടും ആരുമില്ലാതെ അയാൾ ആ വീട്ടിൽ തനിച്ച് മരണവും കാത്ത് കഴിയുന്നു.

നാമ്പ്

# മികവ്





# ഡെന്റൽ ക്യാമ്പ്






# കൗമാരം- കരുത്തും കരുതലും


# ബോധവൽക്കരണക്ലാസ്










നിവേദിത രാജേഷ്



# നന്ദി

നാമ്പോടെ ഞങ്ങളെ നെഞ്ചോട്
ചെർക്കുമെന്ന പ്രതീക്ഷയോടെ

**മാഗസിൻ കമ്മിറ്റി**




പൂമ്പാറ്റ
പ്രീ പ്രൈമറി വിഭാഗം


T.K.KRISHNAN MASTER MEMORIAL